**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3390** **08-10-2025 - ൽ മറുപടിയ്ക്ക്**

**എൽ. എസ്. എസ്., യു. എസ്. എസ്. സ്കോളർഷിപ്പുകളുടെ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എൽ. എസ്. എസ്., യു. എസ്. എസ്. സ്കോളർഷിപ്പിന് അർഹത നേടിയ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണം മുടങ്ങിയിട്ടുണ്ടോ; എങ്കിൽ എത്ര വർഷത്തെ കുടിശിക നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് എൽ.എസ്. എസ്. /യു.എസ്.എസ്. സ്കോളർഷിപ്പിന് അർഹത നേടിയ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണം പൂർണ്ണമായും മുടങ്ങിയിട്ടില്ല.<br>2016-2017 മുതൽ 2024-2025 വരെ സ്കോളർഷിപ്പ് പരീക്ഷയിൽ വിജയിച്ച കുട്ടികളുടെ വിവരങ്ങൾ പരീക്ഷഭവൻ വികസിപ്പിച്ച സ്കോളർഷിപ്പ് പോർട്ടൽ മുഖേന ശേഖരിക്കുകയും ആയതിൽ പേയ്മെന്റ് വിവരങ്ങൾ കുട്ടികളുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ മുതലായവ രേഖപ്പെടുത്തിയിട്ടുള്ള കുട്ടികൾക്ക് പേയ്മെന്റ് നൽകി വരികയും ചെയ്യുന്നുണ്ട് . |
| (ബി) | മുടങ്ങിയ തുക എപ്പോൾ വിതരണം ചെയ്യുമെന്ന് വിശദമാക്കുമോ? | (ബി) | നിലവിൽ അനുവദിച്ചിട്ടുള്ള തുകകൾ വിതരണം ചെയ്യുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ